"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനിയറിംഗ് വിഭാഗം - അരുവിക്കര ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം ഓഫീസ്, നിർമ്മാണ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന - കുറ്റാരോപിതർക്കെതിരെ അച്ചടക്കനടപടി - 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 (2) പ്രകാരമുള്ള ഔപചാരിക അന്വേഷണം - അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.923/2025/LSGD തീയതി,തിരുവനന്തപുരം, 07-04-2025

---

പരാമർശം:-
1. വിജിലൻസ് (ഡി) വകുപ്പിന്റെ 08/09/2023 തീയതിയിലെ D3/257/2023-VIG നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയിട്ടുള്ള വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ട്.
2. 29.07.2024 തീയതിയിലെ ഇഡബ്ല്യൂഎ1/49/2024/എൽ.എസ്.ജി.ഡി. നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.
3. അസി.എഞ്ചിനിയർ ശ്രീമതി. ചിഞ്ചു എസ്. സമർപ്പിച്ച പ്രതിവാദപത്രിക.

**<u>ഉത്തരവ്</u>**

അരുവിക്കര ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം ഓഫീസ്, നിർമ്മാണ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ റിപ്പോർട്ട് വിജിലൻസ് ഡയറക്ടർ വിജിലൻസ് വകുപ്പ് മുഖേന പരാമർശം (1) പ്രകാരം ലഭ്യമാക്കുകയുണ്ടായി.

2. കണ്ടെത്തിയ ക്രമക്കേടുകൾക്ക് അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി ചിഞ്ചു എസ്. ഉത്തരവാദിയാണെന്ന് കണ്ട് ഈ വകുപ്പിൽ നിന്നും കുറ്റാരോപിതയ്ക്ക് പരാമർശം (2) പ്രകാരം കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നൽകുകയുണ്ടായി. ആയതിന് ശ്രീമതി ചിഞ്ചു എസ്. പ്രിൻസിപ്പൽ ഡയറക്ടർ മുഖേന പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ തനിക്കെതിരെ ആരോപിച്ചിട്ടുള്ള കുറ്റങ്ങൾ നിഷേധിക്കുകയുണ്ടായി.

3. മേൽ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്ന അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി ചിഞ്ചു

എസ്.-നെതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി മോഹൻകുമാർ എം.എസ്. (PEN: 555834), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം -നെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ മൂന്നാഴ്ചക്കുള്ളിൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. ശ്രീമതി ചിഞ്ചു എസ്., അസിസ്റ്റന്റ് എഞ്ചിനിയർ, അരുവിക്കര ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം
2. ശ്രീ. മോഹൻകുമാർ എം.എസ്. (PEN: 555834), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം

   **(1, 2 ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള, തൃശ്ശൂർ.
5. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്.
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Asha. R
Date: 09-04-2025 12:01:31
സെക്ഷൻ ഓഫീസർ